# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 28.03.2025 മുതൽ 02.04.2025 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 25/2025 | തീയ്യതി: 28/03/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.8 – 34.0 | 24.4 – 25.7 | 66 - 92 | 02 - 03 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 29-03-2025 | 30-03-2025 | 31-03-2025 | 01-03-2025 | 02-03-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.1 | 0.1 | 0.1 | 0.1 | 0.1 |
| കൂടിയതാപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞതാപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 81 | 81 | 81 | 81 | 81 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 4 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 270 | 250 | 270 | 200 |
| മേഘവിന്യാസം, ഒക്ടാ | 7 | 3 | 3 | 6 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| | **ശക്തികുറഞ്ഞ മഴ **** | | |
| **പൊതുനിർദ്ദേശങ്ങൾ** | പകൽസമയങ്ങളിൽ അധികരിച്ച ഊഷ്മാവ് അനുഭവപ്പെടും. അന്തരീക്ഷ ആർദ്രത സാധാരണ പോലെ ആയിരിക്കും.<br>മാർച്ച് 28,29, ഏപ്രിൽ 01 ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 64.4 മില്ലി വരെ).<br>മാർച്ച് 30,31 ന് നേരിയ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 15.5മില്ലി വരെ). | | |
| അപായ സൂചന | മാർച്ച് 28 ന് ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 64.4 മില്ലി വരെ). | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. | | |

| | | | |
|---|---|---|---|
| | അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br><br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക. | | |
| വിവിധ വിളകൾ | വിവിധ ഘട്ടം | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ് | 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br><br>അല്ലെങ്കിൽ<br><br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | തെങ്ങിൽ വിളഞ്ഞതും മൂപ്പെത്താറായതുമായ തേങ്ങകൾ ഉണ്ടെങ്കിൽ പറിച്ചെടുക്കുക.<br>രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി മുറിവിൽ ഹെക്സകോണോസോൾ മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി പുരട്ടുക. ഉണങ്ങിയതിനു ശേഷം ചെത്തിയ ഭാഗത്തു റബ്ബർ കോട്ട് പുരട്ടുക.<br>തടത്തിൽ തെങ്ങൊന്നിന് ഇരുപത്തിയഞ്ചു ലിറ്റർ വെള്ളത്തിൽ അമ്പതു മില്ലി ഹെക്സകോണോസോൾ കലർത്തി തടത്തിൽ കുതിർക്കുക. പൂർണമായി ഭേദമാകുന്നത് വരെ മാസാമാസം ഇത് ആവർത്തിക്കുക.<br>തെങ്ങിൻ തടത്തിൽ കട്ടിയിൽ കുമ്മായം വിതറി മണ്ണുമായി ചേർത്തിളക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | മൃദുരോമ പൂപ്പൽ രോഗം : മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക.രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക.രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക. |

| | | | |
|---|---|---|---|
| മാവ് | മാങ്ങകൾ മൂപ്പെത്തുന്ന ഘട്ടം | കായീച്ച  | മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൽ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |
| കന്നുകാലികൾ | കറവപ്പശു | വേനൽക്കാലത്തെ അകിടു വീക്കം  | അതിമാരകമായ ചില ബാക്ടീരിയകളാണ് രോഗ കാരണം. വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു.<br>പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായി മാറുന്നു, തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.<br>രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ വേനൽക്കാലത്ത് സ്ഥിരമായി നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും :  | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക |

| | | | |
|---|---|---|---|
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | അത്യോഷ്മാവ്<br><br>അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br><br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br><br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br><br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി